**06.05.2025** തിയതിയിലെ ആർ. ടി. എ യോഗത്തിലെ തീരുമാനം

സ്ഥലം : കലക്ടറേറ്റ് ഓഡിറ്റോറിയം, കണ്ണൂർ - രാവിലെ സമയം **11.00**

സാന്നിദ്ധ്യം

1. ശ്രീ. അരുൺ കെ.വിജയൻ- ഐ.എ.എസ്, ചെയർമാൻ ആർ. ടി. എ & ജില്ലാ കലക്ടർ

2. ശ്രീ. അനുജ് പാലിവാൾ - ഐ. പി.എസ്, മെമ്പർ ആർ. ടി.എ, ജില്ലാ പോലീസ് ചീഫ്, കണ്ണൂർ റൂറൽ

3. ശ്രീ. സി.വി.എം ഷരീഫ്, മെമ്പർആർ. ടി. എ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, നോർത്ത് സോൺ, കോഴിക്കോട്

ഐറ്റം നമ്പർ :1

കാസർഗോഡ് ആർ ടി എ യുടെ 5/7/2024 തിയ്യതിയിലെ ആർ ടി എ യോഗത്തിൽ ഐറ്റം നമ്പർ 4 ആയി പരിഗണിച്ച മൂസ ഹാജി മുക്ക്- പടന്ന- ചെറുവത്തൂർ റൂട്ടിൽ( കണ്ണൂർ ആർ ടി എ യുടെ പരിധിയിലുള്ള മൂസ ഹാജി മുക്കിൽ നിന്നും പയ്യന്നൂർ വഴി കിഴക്കേമുറി വരെ, പയ്യന്നൂർ ബസ് സ്റ്റാൻഡ് മുതൽ ഒളവറ പാലം) -പടന്ന കടപ്പുറം - പയ്യന്നൂർ- തൃക്കരിപ്പൂർ- പുലിമുട്ട് -കിഴക്കേമുറി വഴിയുള്ള പുതിയ പെർമിറ്റ് അപേക്ഷയിന്മേൽ കൺകറൻസിനായി കാസർഗോഡ് സെക്രട്ടറി ആർ.ടി.എയുടെ അപേക്ഷയാണിത്. പുതിയ പെർമിറ്റിനുള്ള അപേക്ഷയിൽ തീരുമാനമെടുക്കാനും അപേക്ഷയുടെ മറ്റ് വശങ്ങൾ പരിശോധിക്കാനുള്ള കാസർഗോഡ് റീജ്യണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അവകാശത്തിന്മേൽ മുൻ വിധികളില്ലാതെ ഈ അപേക്ഷയ്ക്ക് **ഓർഡിനറി സർവ്വീസായി സമ്മതം (കൺകറൻസ്) നൽകി തീരുമാനമെടുക്കുന്നു.**

ഐറ്റം നമ്പർ :2

**അപേക്ഷകൻ ഹാജരായിട്ടില്ല.** ആയതിനാൽ പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷയിന്മേലുള്ള **തീരുമാനം മാറ്റിവച്ചിരിക്കുന്നു.**

ഐറ്റം നമ്പർ :3

**KL 1313/18/1998** പെർമിറ്റ് നമ്പറിൽ **31/10/2027** വരെ കാലാവധിയുള്ള ചെറുവാഞ്ചേരി -തലശ്ശേരി വഴി കുന്നോത്തുപറമ്പ , പാറാട്ട് ,പാനൂർ ,കോപ്പാലം ,മഞ്ഞോടി റൂട്ടിൽ സർവീസ് നടത്തുന്ന **KL 58 S 4544 S/C** വാഹനത്തിന്റെ **19/ 07/ 2023** തിയ്യതിയിലെ ആർ ടി എ ബോർഡിൽ ഐറ്റം നമ്പർ **163** ആയി ഗ്രാൻറ് ആയ പെർമിറ്റ് വ്യതിയാനം റദ്ദാക്കുന്നതിനുള്ള അപേക്ഷയാണിത്.

വേരിയേഷൻ അനുവദിച്ച റൂട്ട് പ്രകാരം ലഭിച്ച സമയം പോരായ്മ കാരണവും പ്രസ്തുത സമയത്തു മറ്റൊരു ബസ് റൂട്ട് ഉള്ളതിനാലും വളരെയധികം സാമ്പത്തിക നഷ്ടമനുഭവിക്കേണ്ടി വരുമെന്ന പെർമിറ്റ് ഉടമ യുടെ അപേക്ഷ പരിഗണിച്ചും വേരിയേഷൻ എഴുതി വാങ്ങാത്തതിനാലും പെർമിറ്റ് വ്യതിയാനത്തിനുള്ള ഫീസ് ഒടുക്കുവാനും പെർമിറ്റ് വ്യെതിയാനം അനുവദിക്കുന്നതിന് മുൻപുള്ള സമയ പട്ടിക , റൂട്ട് പ്രകാരം സർവീസ് നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് **19/ 07/ 2023** തിയ്യതിയിലെ ആർ ടി എ ബോർഡിൽ ഐറ്റം നമ്പർ **163** ആയി ഗ്രാൻറ് ആയ പെർമിറ്റ് വ്യതിയാനം റദ്ദ് ചെയ്യുന്നു.

ഐറ്റം നമ്പർ :4

**KL 1313/63/2001** പെർമിറ്റ് നമ്പറിൽ **18.12.2026** വരെ കാലാവധിയുള്ള കണ്ണൂർ-പയ്യന്നൂർ വഴി തളാപ് ,പാപ്പിനിശ്ശേരി ജംഗ്ഷൻ ,ചെറുകുന്ന് തറ , പഴയങ്ങാടി, പിലാത്തറ, പെരുമ്പ, എരിപുരം, പാലക്കോട് ,പുതിയങ്ങാടി,നീരൊഴുക്കുംചാൽ ,മൊട്ടമ്പ്രം ,മാട്ടൂൽ സൗത്ത് ,മടക്കര ബ്രിഡ്ജ്,ഇരിണാവ് റോഡ് റൂട്ടിൽ സർവീസ് നടത്തുന്ന **KL13AG5362 S/C** വാഹനത്തിന്റെ **07/03/ 2023** തിയ്യതിയിലെ ആർ ടി എ ബോർഡിൽ ഐറ്റം നമ്പർ **184** ആയി ഗ്രാൻറ് ആയ പെർമിറ്റ് വ്യതിയാനം റദ്ദാക്കുന്നതിനുള്ള അപേക്ഷയാണിത്.

വേരിയേഷൻ അനുവദിച്ച റൂട്ട് പ്രകാരം ലഭിച്ച സമയം പോരായ്മ കാരണവും പ്രസ്തുത സമയത്തു മറ്റൊരു ബസ് റൂട്ട് ഉള്ളതിനാലും വളരെയധികം സാമ്പത്തിക നഷ്ടമനുഭവിക്കേണ്ടി വരുമെന്ന പെർമിറ്റ് ഉടമ യുടെ അപേക്ഷ പരിഗണിച്ചും വേരിയേഷൻ എഴുതി വാങ്ങാത്തതിനാലും പെർമിറ്റ് വ്യതിയാനത്തിനുള്ള ഫീസ് ഒടുക്കുവാനും പെർമിറ്റ് വ്യെതിയാനം അനുവദിക്കുന്നതിന് മുൻപുള്ള സമയ പട്ടിക , റൂട്ട് പ്രകാരം സർവീസ് നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് **07/03/2023** തിയ്യതിയിലെ ആർ ടി എ ബോർഡിൽ ഐറ്റം നമ്പർ **184** ആയി ഗ്രാൻറ് ആയ പെർമിറ്റ് വ്യതിയാനം റദ്ദ് ചെയ്യുന്നു.

ഐറ്റം നമ്പർ :5

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

മണക്കടവ്-പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ (വഴി) കാർത്തികപുരം ,ഉദയഗിരി,താളിപ്പാറ, കുണ്ടത്തിൽപ്പടി, താബോർ, തിരുമേനി, ചെറുപുഴ, പാടിച്ചാൽ, പെരിങ്ങോം, കോത്തായിമുക്ക്, പെരുമ്പ, പയ്യന്നൂർ ബസ്സ്റ്റാൻഡ് റൂട്ടിൽ അഞ്ചു വർഷത്തേക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ **(KL 09 AE 8082)** ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് പയ്യന്നൂർ ,തളിപ്പറമ്പ എന്നീ താലൂക്കുകളിലെ കുടിയേറ്റ മലയോര മേഖലകളെയും നഗര പ്രദേശങ്ങളെയും കൂട്ടിച്ചേർക്കുന്ന ദീർഘദൂര സ്വഭാവമുള്ളതിനാൽ നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല .

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 09 AE 8082** നമ്പറിൽ സ്ഥിരം പെർമിറ്റ് **അനുവദിക്കുവാൻ**, സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, KSRTC ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തണം എന്ന നിബന്ധനയോടെ തീരുമാനം കൈക്കൊള്ളുന്നു.

ഐറ്റം നമ്പർ :6

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

കരുവഞ്ചാൽ- ചന്ദനക്കാംപാറ- കൊട്ടിയൂർ വഴി പോത്തുകുണ്ട്, നടുവിൽ, പുലികുറുമ്പ, ചെമ്പേരി, പൂപ്പറമ്പ, പയ്യാവൂർ, ഉളിക്കൽ, ഇരിട്ടി, പേരാവൂർ, തുണ്ടിയിൽ റൂട്ടിൽ അഞ്ചു വർഷത്തേക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ **(KL 07 CE 4122** )ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് ഇരിട്ടി, തളിപ്പറമ്പ എന്നീ താലൂക്കുകളിലെ കുടിയേറ്റ മലയോര മേഖലകളെയും നഗര പ്രദേശങ്ങളെയും കൂട്ടിച്ചേർക്കുന്ന ദീർഘദൂര സ്വഭാവമുള്ളതിനാൽ നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ

അഭിപ്രായപ്പെട്ടിട്ടുണ്ട്. യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല.

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 07 CE 4122** നമ്പറിൽ സ്ഥിരം പെർമിറ്റ് **അനുവദിക്കുവാൻ**, സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, KSRTC ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തണം എന്ന നിബന്ധനയോടെ തീരുമാനം കൈക്കൊള്ളുന്നു .

## ഐറ്റം നമ്പർ :7

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു .

ഇരിട്ടി- മുടപ്പത്തൂർ വഴി പയഞ്ചേരി മുക്ക്, കാക്കയങ്ങാട്, പേരാവൂർ, കുനിത്തല, വായന്നൂർ, കോളയാട്, ചിറ്റാരിപ്പറമ്പ, തൊക്കിലങ്ങാടി, കുത്തുപറമ്പ, വട്ടോളി, റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ **(KL 59 A 6543)**ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് ഭൂരിഭാഗവും നിർദ്ദേശിച്ചിരിക്കുന്നത് ഗ്രാമീണ പ്രദേശങ്ങളിലൂടെയാണെന്നും താരതമ്യേന ബസ് സൗകര്യം കുറവായ റൂട്ട് ആയതിനാലും നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല.

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 59 A 6543** നമ്പറിൽ സ്ഥിരം പെർമിറ്റ് **അനുവദിക്കുവാൻ**, സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, KSRTC ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തണം എന്ന നിബന്ധനയോടെ തീരുമാനം കൈക്കൊള്ളുന്നു.

## ഐറ്റം നമ്പർ :8

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

പഴശ്ശി ഡാം -ശിവപുരം വഴി കൊട്ടാരം, പറമ്പിൽ, 19- മൈൽ, ചാവശ്ശേരി, മട്ടന്നൂർ, പെരിയത്തിൽ, അയ്യല്ലൂർ, കോളാരി, നടുവനാട് റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ ആർ സി (KL 18 D 1526)ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് ഉൾപ്രദേശങ്ങളിലൂടെ കടന്ന് പോകുന്നവയും, താരതമ്യേന ബസ് സർവീസ് കുറവായതിനാലും വിനോദ സഞ്ചാര കേന്ദ്രമായ പഴശ്ശി അണക്കെട്ടിലേക്കു കൂടുതൽ സർവീസ് ഉള്ളതിനാലും, ഗ്രാമീണ പൊതു ഗതാഗതത്തിനും അതുപോലെ ടൂറിസം വികസനത്തിനും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല.

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 18 D 1526** നമ്പറിൽ സ്ഥിരം പെർമിറ്റ് അനുവദിക്കുവാൻ താഴെപറയുന്ന നിബന്ധനകളോടെ തീരുമാനം കൈക്കൊള്ളുന്നു.

1. സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, KSRTC ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തേണ്ടതാണ്.

2. **KL 18 D 1526 വാഹനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് സാധുവായ വാഹനം ഹാജരാക്കി റീപ്ലെയ്സ് ചെയ്യേണ്ടതാണ്.**

ഐറ്റം നമ്പർ :9

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

മണിക്കടവ് -ചന്ദനക്കാംപാറ വഴി മണിപ്പാറ ,നുച്ചിയാട്, ഉളിക്കൽ, തന്തോട്, ഇരിട്ടി, മുണ്ടന്നൂർ, കണ്ടകശ്ശേരി, പയ്യാവൂർ, തിരൂർ, തേർമല, കോക്കാട്, പൂപ്പറമ്പ, ചെമ്പേരി, കൊക്കമുള്ളൂ , കുടിയാന്മല, പൈസക്കരി, റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ **(KL 78 C 4745)**ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് കൂടുതലും ഗ്രാമ പ്രദേശങ്ങളെയും നഗര പ്രദേശങ്ങളെയും കൂട്ടിച്ചേർക്കുന്ന ദീർഘദൂര സ്വഭാവമുള്ളതിനാൽ നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല .

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 78 C 4745** നമ്പറിൽ സ്ഥിരം പെർമിറ്റ് **അനുവദിക്കുവാൻ** , സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ

എല്ലാ ബസ് ഓപ്പറേറ്റർസും, KSRTC ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തണം എന്ന നിബന്ധനയോടെ തീരുമാനം കൈക്കൊള്ളുന്നു.

ഐറ്റം നമ്പർ :10

**അപേക്ഷകൻ ഹാജരായിട്ടില്ല.** ആയതിനാൽ ജോസ്ഗിരി-ചെറുപുഴ - അരിവിളഞ്ഞപ്പൊയിൽ റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിനുള്ള അപേക്ഷയിന്മേലുള്ള **തീരുമാനം മാറ്റിവച്ചിരിക്കുന്നു.**

ഐറ്റം നമ്പർ :11

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

ഓണക്കുന്ന്-പയ്യന്നൂർ-ആലക്കോട് വഴി മൂങ്ങം പാലം, കാരമ്മൽ, പയ്യന്നൂർ, കോത്തായിമുക്ക്, പെരിങ്ങോം, പാടിയോട്ടുംച്ചാൽ, തിമിരി ടെമ്പിൾ, തേർത്തല്ലി, രയറോം, അരങ്ങം ടെമ്പിൾ റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ **(KL 10 AC 5625)**ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് മലയോര മേഖലകളെ താലൂക്ക് കേന്ദ്രമായ പയ്യന്നൂരുമായി കൂട്ടിച്ചേർക്കുന്ന ദീർഘദൂര സ്വഭാവമുള്ളതിനാലും ഓണക്കുന്ന്-പയ്യന്നൂർ വഴി മൂങ്ങാം പാലം റൂട്ടിൽ നേരിട്ട് ഒരു ബസ്സ് സർവ്വീസ് കുറവായതിനാലും പുതുതായി ഒരു സർവ്വീസ് അനുവദിക്കുന്നത് വിദ്യാർഥികളിക്കും ജനങ്ങൾക്കും ഉപകാരപ്രദമാണ് നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല.

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി** KL 10 AC 5625 നമ്പറിൽ സ്ഥിരം പെർമിറ്റ് **അനുവദിക്കുവാൻ** , സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, KSRTC ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തണം എന്ന നിബന്ധനയോടെ തീരുമാനം കൈക്കൊള്ളു**ന്നു.**

ഐറ്റം നമ്പർ :12

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ KL 13 AE 6399 നമ്പർ വാഹനത്തിന്റെ ആർ സി ഹാജരാക്കിയെങ്കിലും ഈ വാഹനം നിലവിൽ മോഹനൻ എന്ന വ്യക്തിയുടെ

പേരിലാണുള്ളതെന്നും ഈ വാഹനത്തിന്മേൽ 03/01/2026 വരെ കാലാവധിയുള്ള പക്കാ പെർമിറ്റ് ഉണ്ടെന്നും മനസ്സിലാകുന്നു.

നിലവിൽ പക്കാ പെർമിറ്റുള്ള വാഹനം ഹാജരാക്കി ബോർഡിനെ തെറ്റിധരിപ്പിക്കുവാൻ ആണ് അപേക്ഷകൻ ശ്രമിച്ചത്. ആയതിനാൽ പുതിയ പെർമിറ്റുനുള്ള അപേക്ഷ **നിരസിച്ചു ഉത്തരവാകുന്നു.**

ഐറ്റം നമ്പർ :13

കൊട്ടിയൂർ അമ്പലം-മാങ്കുഴി (വഴി) കേളകം, മണത്തണ, കൊട്ടൻചുരം, പേരാവൂർ, വാരപീടിക, നിടുംപൊയിൽ, പൂളകുറ്റി, ഇരിട്ടി, താന്തോട്, പെരുവളത്തു പറമ്പ, കല്ലുവയൽ റൂട്ടിൽ അഞ്ചു വർഷത്തേക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനായി നിശ്ചയിച്ച ഇന്നത്തെ യോഗത്തിൽ പോലും സർവീസ് നടത്തുവാൻ ഉദ്ദേശിക്കുന്ന ടിയാന്റെ പേരിലുള്ള വാഹനത്തിന്റെ രെജിസ്ട്രേഷൻ നമ്പറോ വാഹനത്തിനെ സംബന്ധിച്ച വിശദാംശങ്ങളോ ഹാജരാക്കിയിട്ടില്ല . മോട്ടോർ വാഹന ആക്ട് 1988 sec 66 (1) അനുശാസിക്കുന്നത് വാഹന ഉടമ PTSA ഫോറത്തിൽ ഉപയോഗിക്കുന്ന വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തി വേണം സ്റ്റേജ് കരിയേജ് പെർമിറ്റിന് അപേക്ഷ നൽകേണ്ടത് .

അപേക്ഷകൻ വാഗ്ദാനം ചെയ്ത "suitable vehicle " ടിയാന്റെ ഭാവനയിൽ മാത്രം ഉള്ള ഒന്നാണ്. ഈ അതോറിറ്റിയ്ക്ക് ഭൗതികമായി നിലനിൽക്കാത്ത ഒരു വാഹനത്തിന് പെർമിറ്റ് അനുവദിക്കുവാൻ നിയമപരമായി ബാധ്യതയില്ല. പെർമിറ്റ് അപേക്ഷ പരിഗണിക്കുമ്പോൾ തയ്യാറായ വാഹനത്തിന്റെ വിശദാംശങ്ങൾ പരിഗണിച്ചുകൂടി ആകണമെന്ന് ഈ അതോറിട്ടി കരുതുന്നു .വാഹന നമ്പർ ഇല്ലാതെ പെർമിറ്റ് അനുവദിക്കുന്നത് നിയമപരമല്ലാത്ത കച്ചവടത്തിനും പെർമിറ്റ് കച്ചവടത്തിനും സഹായകമാകാം. കേരള മോട്ടോർ വെഹിക്കിൾ റൂൾ 159(2),അനുശാസിക്കുന്ന സമയം MVAct സെക്ഷൻ 85 പ്രകാരം നിർദ്ദേശിക്കപ്പെട്ട പെർമിറ്റിൽ വാഹന നമ്പർ ചേർക്കുവാനാണ് , അല്ലാതെ പുതിയ വാഹനം സമ്പാദിച്ചു നേരത്തെ അനുവദിക്കപ്പെട്ട പെർമിറ്റ് ചേർക്കുവാനല്ല. അതിനാൽ, അപേക്ഷകൻ അനുയോജ്യവുമായ ഒരു ലൈറ്റ് മോട്ടോർ വാഹനത്തിന്റെ ഉടമസ്ഥാവകാശം നേടിയതിനുശേഷം, സെക്ഷൻ 70 (2) പ്രകാരം ഫോം P.St.Sa.-യിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ, രജിസ്ട്രേഷൻ മാർക്കും അതിന്റെ വിശദാംശങ്ങളും ഈ അതോറിറ്റിക്ക് മുന്നിൽ സമർപ്പിക്കേണ്ടതാണ്.

അന്വേഷണ ഉദ്യോഗസ്ഥൻറെ റിപ്പോർട്ടിൽ നിർദ്ദിഷ്ട പാതയിലെ പേരാവൂർ-ഇരിട്ടി റൂട്ടിലും,കൊട്ടിയൂർ അമ്പലം-പേരാവൂർ റൂട്ടിലും യഥേഷ്ടം വാഹനസൗകര്യം ഉണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട് .ആയതിനാൽ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് രം

**വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സെക്രട്ടറി ആർ ടി എ യെ ചുമതലപെടുത്തിയും** അപേക്ഷകനോട് അപേക്ഷയിൽ പറയുന്ന റൂട്ടിൽ സർവീസ് നടത്തുവാൻ അനുയോജ്യമായ **തന്റെ ഉടമസ്ഥതയിലുള്ള വാഹന നമ്പറോ വാഹനത്തിന്റെ മറ്റു വിശദാംശങ്ങളോ ഹാജരാക്കുവാൻ നിർദേശിച്ചും കൊണ്ട് ഈ അപേക്ഷയിലെ തീരുമാനം അടുത്ത ആർ ടി എ യോഗത്തിലേക്ക് മാറ്റിവെക്കുന്നു.**

ഐറ്റം നമ്പർ :14

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

പന്നിയൂർ-പയ്യന്നൂർ (വഴി) പൂവ്വം, ഒടുവള്ളി, കരുവഞ്ചാൽ, ആലക്കോട്, തേർത്തല്ലി, തിമിരി, പാടിയോട്ടുംചാൽ, പെരിങ്ങോം, കോത്തായിമുക്ക് റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള KL 11 U 1539 നമ്പർ വാഹനത്തിന്റെ ആർ സി ഹാജരാക്കിയെങ്കിലും വാഹനത്തിന്മേൽ നിലവിൽ 30/8/2027 വരെ കാലാവധിയുള്ള പക്കാ പെർമിറ്റ് ഉണ്ടെന്നും വാഹനം 2022 മുതൽ തുടർച്ചയായി ഫോം ജി യിൽ ആണെന്നും വാഹൻ രേഖകൾ പരിശോധിച്ചതിൽ നിന്നും മനസിലാക്കുന്നു. കൂടാതെ അപേക്ഷ പരിശോധിച്ചതിൽ നിന്നും ടി റൂട്ടിൽ മതിയായ ഗതാഗത സൗകര്യം ഉണ്ടെന്ന് വിലയിരുത്തുന്നു. അഞ്ച് മിനുറ്റ് മുതൽ പത്ത് മിനുറ്റ് ഇടവേളകളിൽ നിലവിൽ സ്റ്റേജ് കാര്യേജുകൾ സർവ്വീസ് നടത്തുന്നതായി അന്വേഷണ റിപ്പോർട്ടിൽ പരാമർശിക്കുന്നു. പുതിയ പെർമിറ്റ് അനുവദിക്കുന്നത് സമയതർക്കത്തിനും മത്സരയോട്ടത്തിനും ഇടയാക്കുന്നു. മേൽ കാരണങ്ങളാൽ പുതിയ പെർമിറ്റിനുള്ള അപേക്ഷ **നിരസിച്ച് ഉത്തരവാകുന്നു.**

ഐറ്റം നമ്പർ :15

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

കോറോം എഞ്ചിനീയറിംഗ്കോളേജ്, പയ്യന്നൂർ, ഓണക്കുന്ന് ജംഗ്ഷൻ, മാതമംഗലം (വഴി) കോറോം, അമ്പലത്തറ, പയ്യന്നൂർ സെൻട്രൽ ബസാർ, അന്നൂർ, കാറമ്മൽ, മൂങ്ങം പാലം, മുതിയലം, കാനായി, മണിയറ, പുനയങ്കോട് റൂട്ടിൽ അഞ്ചു വർഷത്തേക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ വാഗ്ദാനം ചെയ്ത "suitable vehicle " ടിയാന്റെ ഭാവനയിൽ മാത്രം ഉള്ള ഒന്നാണ്. ഈ അതോറിറ്റിയ്ക്ക് ഭൗതികമായി നിലനിൽക്കാത്ത ഒരു വാഹനത്തിന് പെർമിറ്റ് അനുവദിക്കുവാൻ നിയമപരമായി ബാധ്യതയില്ല. പെർമിറ്റ് അപേക്ഷ പരിഗണിക്കുമ്പോൾ തയ്യാറായ വാഹനത്തിന്റെ വിശദാംശങ്ങൾ പരിഗണിച്ചുകൂടി ആകണമെന്ന് ഈ അതോറിട്ടി കരുതുന്നു. വാഹന നമ്പർ ഇല്ലാതെ പെർമിറ്റ് അനുവദിക്കുന്നത് പൊതുജനങ്ങൾക്ക് യാതൊരു ഗുണവും ചെയ്യില്ല .അതെ സമയം ഇങ്ങനെ ചെയ്യുന്നത് വാഹനത്തിന്റെ നിയമപരമല്ലാത്ത കച്ചവടത്തിനും പെർമിറ്റ് കച്ചവടത്തിനും സഹായകമാകാം. കേരള മോട്ടോർ വെഹിക്കിൾ റൂൾ 159(2),അനുശാസിക്കുന്ന സമയം MVAct സെക്ഷൻ 85 പ്രകാരം നിർദ്ദേശിക്കപ്പെട്ട പെർമിറ്റിൽ വാഹന നമ്പർ ചേർക്കുവാനാണ് , അല്ലാതെ പുതിയ വാഹനം സമ്പാദിച്ചു നേരത്തെ അനുവദിക്കപ്പെട്ട പെർമിറ്റ് ചേർക്കുവാനല്ല.

**ആയതിനാൽ** അപേക്ഷകൻ അനുയോജ്യവുമായ ഒരു ലൈറ്റ് മോട്ടോർ വാഹനത്തിന്റെ ഉടമസ്ഥാവകാശം നേടിയതിനുശേഷം, സെക്ഷൻ 70 (2) പ്രകാരം ഫോം P.St.Sa.-യിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ, രജിസ്ട്രേഷൻ മാർക്കും അതിന്റെ വിശദാംശങ്ങളും ഈ അതോറിറ്റിക്ക് മുന്നിൽ സമർപ്പിക്കുന്നതുവരെ **അപേക്ഷയിന്മേലുള്ള തീരുമാനം മാറ്റിവെക്കുന്നു.**

ഐറ്റം നമ്പർ :16

അമ്പായത്തോട് - കൊട്ടിയൂർ -കണ്ണൂർ ജില്ലാ ആശുപത്രി (വഴി) മുതുകുറ്റി, മമ്പറം, പേരാവൂർ, നിടുംപൊയിൽ,കൂത്തുപറമ്പ, കിണവക്കൽ പാതിരിയാട്, അഞ്ചരക്കണ്ടി, ചക്കരക്കൽ, വെള്ളച്ചാൽ, മൂന്നുപെരിയ, പെരളശ്ശേരി, തലവിൽ, ആറ്റടപ്പ സത്രം, താഴെ ചൊവ്വ, മൗവ്വഞ്ചേരി, തങ്കേകുന്നു, ചാല, കോയ്യോട് റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനായി നിശ്ചയിച്ച ഇന്നത്തെ യോഗത്തിൽ പോലും സർവീസ് നടത്തുവാൻ ഉദ്ദേശിക്കുന്ന ടിയാന്റെ പേരിലുള്ള വാഹനത്തിന്റെ രെജിസ്ട്രേഷൻ നമ്പറോ വാഹനത്തിനെ സംബന്ധിച്ച വിശദാംശങ്ങളോ ഹാജരാക്കിയിട്ടില്ല. മോട്ടോർ വാഹന ആക്ട് 1988 sec 66 (1) അനുശാസിക്കുന്നത് വാഹന ഉടമ PTSA ഫോറത്തിൽ ഉപയോഗിക്കുന്ന വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തി വേണം സ്റ്റേജ് കരിയേജ് പെർമിറ്റിന് അപേക്ഷ നൽകേണ്ടത്.

അപേക്ഷകൻ വാഗ്ദാനം ചെയ്ത "suitable vehicle " ടിയാന്റെ ഭാവനയിൽ മാത്രം ഉള്ള ഒന്നാണ് .ഈ അതോറിറ്റിയ്ക്ക് ഭൗതികമായി നിലനിൽക്കാത്ത ഒരു വാഹനത്തിന് പെർമിറ്റ് അനുവദിക്കുവാൻ നിയമപരമായി ബാധ്യതയില്ല. പെർമിറ്റ് അപേക്ഷ പരിഗണിക്കുമ്പോൾ തയ്യാറായ വാഹനത്തിന്റെ വിശദാംശങ്ങൾ പരിഗണിച്ചുകൂടി ആകണമെന്ന് ഈ അതോറിട്ടി കരുതുന്നു .വാഹന നമ്പർ ഇല്ലാതെ പെർമിറ്റ് അനുവദിക്കുന്നത് നിയമപരമല്ലാത്ത കച്ചവടത്തിനും പെർമിറ്റ് കച്ചവടത്തിനും സഹായകമാകാം. കേരള മോട്ടോർ വെഹിക്കിൾ റൂൾ 159(2),അനുശാസിക്കുന്ന സമയം MVAct സെക്ഷൻ 85 പ്രകാരം നിർദ്ദേശിക്കപ്പെട്ട പെർമിറ്റിൽ വാഹന നമ്പർ ചേർക്കുവാനാണ്, അല്ലാതെ പുതിയ വാഹനം സമ്പാദിച്ചു നേരത്തെ അനുവദിക്കപ്പെട്ട പെർമിറ്റ് ചേർക്കുവാനല്ല. അതിനാൽ, അപേക്ഷകൻ അനുയോജ്യവുമായ ഒരു ലൈറ്റ് മോട്ടോർ വാഹനത്തിന്റെ ഉടമസ്ഥാവകാശം നേടിയതിനുശേഷം, സെക്ഷൻ 70 (2) പ്രകാരം ഫോം P.St.Sa.-യിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ, രജിസ്ട്രേഷൻ മാർക്കും അതിന്റെ വിശദാംശങ്ങളും ഈ അതോറിറ്റിക്ക് മുന്നിൽ സമർപ്പിക്കേണ്ടതാണ്.

അന്വേഷണ ഉദ്യോഗസ്ഥൻറെ റിപ്പോർട്ടിൽ നിർദ്ദിഷ്ട പാതയിലെ പേരാവൂർ-നിടുംപൊയിൽ, കൂത്തുപറമ്പ്-മമ്പറം റൂട്ടിലും യഥേഷ്ടം വാഹനസൗകര്യം ഉണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട് . പുതിയ പെർമിറ്റ് അനുവദിക്കുന്നത് സമയതർക്കത്തിനും മത്സരയോട്ടത്തിനും ഇടയാക്കുന്നു. ആയതിനാൽ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് നോട്ടിഫൈ റൂട്ടിലെ ഓവർലാപ്പിംഗ് സംബന്ധിച്ചും അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പി ക്കുവാൻ **സെക്രട്ടറി ആർ ടി എ യെ ചുമതലപെടുത്തിയും** അപേക്ഷകനോട് അപേക്ഷയിൽ പറയുന്ന റൂട്ടിൽ സർവീസ് നടത്തുവാൻ അനുയോജ്യമായ **തന്റെ ഉടമസ്ഥതയിലുള്ള വാഹന നമ്പറോ വാഹനത്തിന്റെ മറ്റു വിശദാംശങ്ങളോ ഹാജരാക്കുവാൻ നിർദേശിച്ചും കൊണ്ട് ഈ അപേക്ഷയിലെ തീരുമാനം അടുത്ത ആർ ടി എ യോഗത്തിലേക്ക് മാറ്റിവെക്കുന്നു.**

## ഐറ്റം നമ്പർ :17

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു

പെരുമ്പടവ്- തേർത്തല്ലി –ചെളിപറമ്പ് ഇഞ്ചി. കോളേജ്-ശ്രീകണ്ഠപുരം (വഴി) പാച്ചേനി, ചുങ്കസ്ഥാനം, രയരോം, അരങ്ങം, ആലക്കോട്, കരുവഞ്ചാൽ, പോത്തുകുണ്ട്, നടുവിൽ, ചെമ്പേരി റൂട്ടിൽ അഞ്ചു വർഷത്തേക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ (**KL 59 F 627** ) ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് കൂടുതലും മലയോര ഗ്രാമ പ്രദേശങ്ങളിലൂടെയുള്ളതിനാൽ നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും

വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല .

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 59 F 627** നമ്പറിൽ സ്ഥിരം പെർമിറ്റ് അനുവദിക്കുവാൻ താഴെപറയുന്ന നിബന്ധനകളോടെ തീരുമാനം കൈക്കൊള്ളുന്നു. സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, **KSRTC** ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തേണ്ടതാണ്.

ഐറ്റം നമ്പർ : 18

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു

മാവുന്തട്ട്- ജയഗിരി- കുടിയാന്മല -ചെമ്പേരി-പെരുമ്പടവ്-തളിപ്പറമ്പ(വഴി)- ആലക്കോട്, കുരുവഞ്ചാൽ, വെള്ളാട്, ആശാൻകവല, കനകക്കുന്ന്, ,ഒടുവള്ളി, ചപ്പാരപ്പടവ്, മേൽതുരുമ്പ, പൂവം, കൂവേരി, ചപ്പാരപ്പടവ്, മേൽത്തുരുമ്പ, ചിറവക്ക് റൂട്ടിൽ അഞ്ചു വർഷത്തേക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ (**KL 18 L 5001**) ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് കൂടുതലും ഗ്രാമ പ്രദേശങ്ങളെയും നഗര പ്രദേശങ്ങളെയും കൂട്ടിച്ചേർക്കുന്ന ദീർഘദൂര സ്വഭാവമുള്ള മുള്ളതും താരതമ്യേന ബസ് സർവീസ് കുറവുള്ളതുമായതിനാൽ നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല .

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 18 L 5001** നമ്പറിൽ സ്ഥിരം പെർമിറ്റ് അനുവദിക്കുവാൻ താഴെപറയുന്ന നിബന്ധനകളോടെ തീരുമാനം കൈക്കൊള്ളുന്നു. സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, **KSRTC** ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തേണ്ടതാണ്.

ഐറ്റം നമ്പർ : 19

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു

ഇരിട്ടി- ഉളിക്കൽ -തിരൂർ, മാമാനം, പടിയൂർ, ഇരിക്കൂർ, **ബ്ലാത്തൂർ** - പയ്യാവൂർ, കാഞ്ഞിലേരി -ശ്രീകണ്ഠാപുരം റൂട്ടിൽ അഞ്ചു വർഷത്തേക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ **(KL 59 B 5557)** ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് ബസ് ഗതാഗത സൗകര്യം വിരളമായ മലയോര ഗ്രാമ പ്രദേശങ്ങളിലൂടെയുള്ളതിനാൽ നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല.

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 59 B 5557** നമ്പറിൽ സ്ഥിരം പെർമിറ്റ് അനുവദിക്കുവാൻ താഴെപറയുന്ന നിബന്ധനകളോടെ തീരുമാനം കൈക്കൊള്ളുന്നു. സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, **KSRTC** ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തേണ്ടതാണ്.

ഐറ്റം നമ്പർ **: 20**

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

തലശ്ശേരി -മട്ടന്നൂർ (വഴി) കതിരൂർ, പുല്ല്യോട് , തോട്ടുമ്മൽ ,കിഴക്കുംഭാഗം ,പിണറായി , കൊടുവള്ളി , കായലോട്, കൂത്തുപറമ്പ, ഉരുവച്ചാൽ റൂട്ടിൽ അഞ്ചു വർഷത്തേക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ **(KL 78 C 7321)** ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് കൂടുതലും ഗ്രാമ പ്രദേശങ്ങളെയും മുനിസിപ്പൽ നഗര പ്രദേശങ്ങളെയും കൂട്ടിച്ചേർക്കുന്ന ദീർഘദൂര സ്വഭാവമുള്ളതിനാൽ നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട് . യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല .

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 78 C 7321** നമ്പറിൽ സ്ഥിരം പെർമിറ്റ് അനുവദിക്കുവാൻ താഴെപറയുന്ന നിബന്ധനകളോടെ തീരുമാനം കൈക്കൊള്ളുന്നു. സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, **KSRTC** ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തേണ്ടതാണ്.

**ഐറ്റം നമ്പർ : 21**

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

ജോസ്ഗിരി- ആലക്കോട് -അങ്ങാടിക്കടവ്-(വഴി) അരിവിളഞ്ഞപൊയിൽ ,ഉദയഗിരി, കാർത്തികപുരം, അരങ്ങം , കരുവഞ്ചാൽ, പോത്തുകുണ്ട്, താവുകുന്ന് , നടുവിൽ, പുലികുറുമ്പ, ചെമ്പേരി, പൂപ്പറമ്പ, പയ്യാവൂർ, ഉളിക്കൽ, ഇരിട്ടി, വള്ളിത്തോട്, ഇരിക്കൂർ, ശ്രീകണ്ഠപുരം, ചെമ്പന്തൊട്ടി റൂട്ടിൽ അഞ്ചു വർഷത്തേക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ **(KL 13 AN 5166)** ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് കൂടുതലും മലയോര ഗ്രാമ പ്രദേശങ്ങളെയും മുനിസിപ്പൽ നഗര പ്രദേശങ്ങളെയും കൂട്ടിച്ചേർക്കുന്ന ദീർഘദൂര സ്വഭാവമുള്ളതിനാൽ നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട് . യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല .

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 13 AN 5166** നമ്പറിൽ സ്ഥിരം പെർമിറ്റ് അനുവദിക്കുവാൻ താഴെപറയുന്ന നിബന്ധനകളോടെ തീരുമാനം കൈക്കൊള്ളുന്നു. സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, KSRTC ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തേണ്ടതാണ്.

**ഐറ്റം നമ്പർ : 22**

ചെറുകുന്ന് തറ -പെരുവാമ്പ -ചപ്പാരപ്പടവ് (വഴി)പാപ്പിനിശ്ശേരി കോട്ടൺസ്, കോലത്തുവയൽ, മൊട്ടമ്മൽ, പഴയങ്ങാടി, പിലാത്തറ, മാതമംഗലം, ഒലയമ്പാടി, പാണപ്പുഴ, ചുടല, തളിപ്പറമ്പ, പുളിമ്പറമ്പ, വെള്ളിക്കീൽ, കീഴറ, പാച്ചേനി, അവുങ്ങുംപൊയിൽ, തൊട്ടിക്കീൽ, തേറണ്ടി, കൊട്ടക്കാനം, മാംതട്ട്, ഏഴുംവയൽ, കാരക്കുണ്ട് റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അന്വേഷണ ഉദ്യോഗസ്ഥൻറെ റിപ്പോർട്ടിൽ നിർദ്ദിഷ്ട പാതയിലെ പാളിയത്ത് വളപ്പ് -ചെറുകുന്ന് തറ, ചെറുകുന്ന് തറ-പഴയങ്ങാടി പഴയങ്ങാടി- പിലാത്തറ- മാതമംഗലം, മാതമംഗലം -ഒലയമ്പാടി റൂട്ടിൽ യഥേഷ്ടം വാഹനസൗകര്യം ഉണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പുതിയ പെർമിറ്റ് അനുവദിക്കുന്നത് സമയതർക്കത്തിനും മത്സരയോട്ടത്തിനും ഇടയാക്കുന്നു. ആയതിനാൽ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് മോട്ടോർ വാഹന ചട്ടം 145 (7 )(1 ) പ്രകാരവും നോട്ടിഫൈ

റൂട്ടിലെ ഓവർലാപ്പിംഗ് സംബന്ധിച്ചും അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പി ക്കുവാൻ **സെക്രട്ടറി ആർ ടി എ യെ ചുമതലപെടുത്തിക്കൊണ്ട് ഈ അപേക്ഷയിലെ തീരുമാനം അടുത്ത ആർ ടി എ യോഗത്തിലേക്ക് മാറ്റിവെക്കുന്നു**

ഐറ്റം നമ്പർ : 23

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

20/02/2024ന് നടന്ന ആർ ടി എ മീറ്റിങ്ങിൽ **ഐറ്റം നമ്പർ 15** ആയി പരിഗണിച്ചു മാറ്റിവെച്ച വട്ടിപ്രം- തലശ്ശേരി (വഴി) കണ്ടേരി അയ്യപ്പൻതോട്, കതിരൂർ, മൂന്നാംപീടിക, കൂത്തുപറമ്പ, മഞ്ഞോടി , മേലെ ചമ്പാട്, അഞ്ചാം മൈൽ റൂട്ടിൽ അഞ്ചു വർഷത്തേക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പുനഃ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ വാഗ്ദാനം ചെയ്ത "suitable vehicle " ടിയാന്റെ ഭാവനയിൽ മാത്രം ഉള്ള ഒന്നാണ്. ഈ അതോറിറ്റിയ്ക്ക് ഭൗതികമായി നിലനിൽക്കാത്ത ഒരു വാഹനത്തിന് പെർമിറ്റ് അനുവദിക്കുവാൻ നിയമപരമായി ബാധ്യതയില്ല. പെർമിറ്റ് അപേക്ഷ പരിഗണിക്കുമ്പോൾ തയ്യാറായ വാഹനത്തിന്റെ വിശദാംശങ്ങൾ പരിഗണിച്ചുകൂടി ആകണമെന്ന് ഈ അതോറിട്ടി കരുതുന്നു. വാഹന നമ്പർ ഇല്ലാതെ പെർമിറ്റ് അനുവദിക്കുന്നത് പൊതുജനങ്ങൾക്ക് യാതൊരു ഗുണവും ചെയ്യില്ല .അതെ സമയം ഇങ്ങനെ ചെയ്യുന്നത് വാഹനത്തിന്റെ നിയമപരമല്ലാത്ത കച്ചവടത്തിനും പെർമിറ്റ് കച്ചവടത്തിനും സഹായകമാകാം. കേരള മോട്ടോർ വെഹിക്കിൾ റൂൾ 159(2),അനുശാസിക്കുന്ന സമയം MVAct സെക്ഷൻ 85 പ്രകാരം നിർദ്ദേശിക്കപ്പെട്ട പെർമിറ്റിൽ വാഹന നമ്പർ ചേർക്കുവാനാണ് , അല്ലാതെ പുതിയ വാഹനം സമ്പാദിച്ചു നേരത്തെ അനുവദിക്കപ്പെട്ട പെർമിറ്റ് ചേർക്കുവാനല്ല.

**ആയതിനാൽ** അപേക്ഷകൻ അനുയോജ്യവുമായ ഒരു ലൈറ്റ് മോട്ടോർ വാഹനത്തിന്റെ ഉടമസ്ഥാവകാശം നേടിയതിനുശേഷം, സെക്ഷൻ 70 (2) പ്രകാരം ഫോം P.St.Sa.-യിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ, രജിസ്ട്രേഷൻ മാർക്കും അതിന്റെ വിശദാംശങ്ങളും ഈ അതോറിറ്റിക്ക് മുന്നിൽ സമർപ്പിക്കുന്നതുവരെ **അപേക്ഷയിന്മേലുള്ള തീരുമാനം മാറ്റിവെക്കുന്നു.**

ഐറ്റം നമ്പർ : 24

കണ്ണൂർ -വിളമന (വഴി )മട്ടന്നൂർ, ഇരിട്ടി, മാടത്തിൽ, കൂട്ടുപുഴ, വള്ളിത്തോട് റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

നിർദ്ദിഷ്ടപാതയിലെ പൊതുജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമാണെന്നും മേൽ പാതയിൽ സർക്കാർ കെ എസ് ആർ ടി സി ബസ്സുകൾ പരിമിതമാണെന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു. ആയതുപ്രകാരം അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നു.

ഐറ്റം നമ്പർ : 25

കണ്ണൂർ -ഇരിട്ടി -മൂളയിൽ -(വഴി)മട്ടന്നൂർ ,കാക്കയങ്ങാട് ,ഉളിയിൽ ,എടൂർ ,കീഴ്പ്പള്ളി റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

നിർദ്ദിഷ്ടപാതയിലെ പൊതുജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമാണെന്നും മേൽ പാതയിൽ സർക്കാർ കെ എസ് ആർ ടി സി ബസ്സുകൾ പരിമിതമാണെന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു. ആയതുപ്രകാരം അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നു.

ഐറ്റം നമ്പർ : 26

കണ്ണൂർ -അഞ്ചരക്കണ്ടി -ഓടക്കടവ് വഴി ഏച്ചൂർ ,ഇരിട്ടി,കൂട്ടുപുഴ റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

നിർദ്ദിഷ്ടപാതയിലെ പൊതുജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമാണെന്നും മേൽ പാതയിൽ സർക്കാർ കെ എസ് ആർ ടി സി ബസ്സുകൾ പരിമിതമാണെന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു. ആയതുപ്രകാരം അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നു.

ഐറ്റം നമ്പർ : 27

കണ്ണൂർ-ഇരിട്ടി-മുടക്കോഴി (വഴി) ഏച്ചൂർ, ചാലോട്, മട്ടന്നൂർ, കാക്കയങ്ങാട് റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

നിർദ്ദിഷ്ടപാതയിലെ പൊതുജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമാണെന്നും മേൽ പാതയിൽ സർക്കാർ കെ എസ് ആർ ടി സി ബസ്സുകൾ പരിമിതമാണെന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു. ആയതുപ്രകാരം അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നു.

ഐറ്റം നമ്പർ : 28

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

06/02/2025 ന് നടന്ന ആർ ടി എ മീറ്റിങ്ങിൽ ഐറ്റം നമ്പർ 23 ആയി പരിഗണിച്ചു മാറ്റിവെച്ച കുത്തുപറമ്പ-കുണ്ടേരിപ്പൊയിൽ-വട്ടിപ്രം വഴി നീർവേലി, ആയിത്തറ ,മാലൂർ സിറ്റി റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പുനഃ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ **(KL 13 S 4102)** ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് ബസ് ഗതാഗത സൗകര്യം വിരളമായ ഗ്രാമ പ്രദേശങ്ങളെയും മുനിസിപ്പൽ നഗര പ്രദേശങ്ങളെയും കൂട്ടിച്ചേർക്കുന്ന ദീർഘദൂര സ്വഭാവമുള്ളതിനാൽ നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട് . യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല .

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 13 S 4102** നമ്പറിൽ സ്ഥിരം പെർമിറ്റ് അനുവദിക്കുവാൻ താഴെപറയുന്ന നിബന്ധനകളോടെ തീരുമാനം കൈക്കൊള്ളുന്നു. സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, KSRTC ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തേണ്ടതാണ്.

ഐറ്റം നമ്പർ : 29

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

06/02/2025 ന് നടന്ന ആർ ടി എ മീറ്റിങ്ങിൽ ഐറ്റം നമ്പർ 13 ആയി പരിഗണിച്ചു മാറ്റിവെച്ച പട്ടുവം -തേർളായി തുരുത്ത് ,വട്ടക്കൂൽ ,തളിപ്പറമ്പ , പൊക്കുണ്ട് റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പുനഃ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ **(KL 13 S 4077)** ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് ബസ് ഗതാഗത സൗകര്യം വിരളമായ ഗ്രാമ പ്രദേശങ്ങളെയും മുനിസിപ്പൽ നഗര പ്രദേശങ്ങളെയും കൂട്ടിച്ചേർക്കുന്ന ദീർഘദൂര സ്വഭാവമുള്ളതിനാൽ നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ

അഭിപ്രായപ്പെട്ടിട്ടുണ്ട്. യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല .

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 13 S 4077** നമ്പറിൽ സ്ഥിരം പെർമിറ്റ് അനുവദിക്കുവാൻ താഴെപറയുന്ന നിബന്ധനകളോടെ തീരുമാനം കൈക്കൊള്ളുന്നു. സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, KSRTC ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തേണ്ടതാണ്.

ഐറ്റം നമ്പർ : 30

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

20/2/2024 ന് നടന്ന ആർ ടി എ മീറ്റിങ്ങിൽ **ഐറ്റം നമ്പർ** 17 ഉം,06/02/2025 ന് നടന്ന ആർ ടി എ മീറ്റിങ്ങിൽ ഐറ്റം നമ്പർ 12 ഉം ആയി പരിഗണിച്ചു മാറ്റിവെച്ച ചെറുപുഴ -തേർത്തല്ലി ആലക്കോട് മൂന്നാംകുന്ന് തളിപ്പറമ്പ വഴി മഞ്ചക്കുണ്ട് ,എരുവട്ടി ,രയോരം ,ചപ്പാരപ്പടവ് ,കരുവഞ്ചാൽ ,ഒടുവള്ളി ,മന്ന ,ചിറവക്ക് റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് പുനഃ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ **(KL 59 L 8054)** ആർ സി ഹാജരാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട അപേക്ഷ റൂട്ട് കൂടുതലും മലയോര ഗ്രാമ പ്രദേശങ്ങളെയും മുനിസിപ്പൽ നഗര പ്രദേശങ്ങളെയും കൂട്ടിച്ചേർക്കുന്ന ദീർഘദൂര സ്വഭാവമുള്ളതിനാൽ നിർദ്ദിഷ്ട പാതയിലെ യാത്രക്കാർക്കും വിദ്യാർഥികൾക്കും പ്രയോജനം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട് . യോഗത്തിൽ ഈ അപേക്ഷയ്ക്കെതിരെ കാര്യമായ എതിർപ്പുകൾ ഉന്നയിക്കപ്പെട്ടിട്ടില്ല .

മേൽ സാഹചര്യത്തിൽ **സമയക്രമീകരണത്തിന് വിധേയമായി KL 59 L 8054** നമ്പറിൽ സ്ഥിരം പെർമിറ്റ് അനുവദിക്കുവാൻ താഴെപറയുന്ന നിബന്ധനകളോടെ തീരുമാനം കൈക്കൊള്ളുന്നു. സമയ നിർണയ യോഗത്തിൽ പ്രസ്തുത റൂട്ടിലെ എല്ലാ ബസ് ഓപ്പറേറ്റർസും, KSRTC ഉൾപ്പെടെ നോട്ടീസ് നൽകി സമയ നിർണയം നടത്തേണ്ടതാണ്.

ഐറ്റം നമ്പർ : 31

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

20/02/2024 ന് നടന്ന ആർ ടി എ മീറ്റിങ്ങിൽ ഐറ്റം നമ്പർ 18 ആയി പരിഗണിച്ചു **നിരസിച്ച** തളിപ്പറമ്പ-മാവിച്ചേരി-പെരുമ്പടവ്-പാച്ചേനി വഴി ചിറവക്ക്, മന്ന, പൂവ്വം, കൂവേരി, ചപ്പാരപ്പടവ്, തെറ്റുന്ന റോഡ്, നാടുകാണി, എളമ്പരംപാറ, രാമപുരം റൂട്ടിൽ അഞ്ചു വർഷത്തേയ്ക്ക് സ്ഥിരം പെർമിറ്റ് അനുവദിക്കുന്നതിന് ബഹു STATയുടെ 24/2/2025 തീയ്യതിയിലെ MVARP NO.165/2024 നമ്പർ ഉത്തര വിൻെറ അടിസ്ഥാനത്തിൽ പുനഃ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷയാണിത്.

അപേക്ഷകൻ ഹിയറിങ്ങിനിടയിൽ തന്റെ പേരിലുള്ള വാഹനത്തിന്റെ ആർ സി ഹാജരാക്കിയിട്ടുണ്ട്. എങ്കിലും നിർദ്ദിഷ്ട റൂട്ടിലെ ഗതാഗത സാന്ദ്രത റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാലും മേൽ റൂട്ടിലെ മറ്റു ബസ്സ് ഓപ്പറേറ്റർമാർ വളരെയധികം തടസ്സവാദങ്ങൾ ഉന്നയിച്ചതിനാലും ,നിർദ്ദിഷ്ട റൂട്ടിൽ യഥേഷ്ടം വാഹന സൗകര്യം ഉള്ളതിനാലും നിരസിച്ച അപേക്ഷയിന്മേൽ ബഹുSTAT യുടെ നിർദ്ദേശ പ്രകാരം **സെക്രട്ടറി ആർ ടി എ വിശദ റിപ്പോർട്ട്** സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഈ അപേക്ഷയിലെ തീരുമാനം അടുത്ത ആർ ടി എ യോഗത്തിലേക്ക് **മാറ്റിവെക്കുന്നു**`

ഐറ്റം നമ്പർ : 32

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

കണ്ണൂർ എച് ക്യു ഹോസ്പിറ്റൽ -നിരത്തോട്, ഇരിക്കൂർ വഴി കാൾടെക്സ്, മേലേചൊവ്വ, ചാലോട്, വടുവൻകുളം, ചെറുവത്തലമൊട്ട, വരച്ചാൽ, ചോല, പാവന്നൂർ മൊട്ട, മയ്യിൽ, കാട്ടാമ്പള്ളി, കമ്പിൽ, പുതിയതെരു റൂട്ടിൽ സർവീസ് നടത്തുന്ന KL 59 AA 1603 സ്റ്റേജ് കാര്യേജിന്റെ പെർമിറ്റ് 13/02/2025 വരെ സാധുതയുണ്ടായിരുന്നു. രേഖകൾ പരിശോധിച്ചതിൽ അപേക്ഷ വൈകി സമർപ്പിച്ചതായും അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതുമാണ് എന്നും കാണുന്നു

പെർമിറ്റ് ഉടമയ്ക്ക് നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തതിനുള്ള കാരണങ്ങൾ ഈ അതോറിറ്റിക്ക് ബോധ്യമാകുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 81(3) അനുസരുച്ച് കാലതാമസം മാപ്പാക്കി അപേക്ഷകന്റെ പെർമിറ്റ് താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഓർഡിനറി സർവ്വീസായി **പുതുക്കൽ അനുവദിച്ചിരിക്കുന്നു.**

1. ഫൈനാൻസിയറിൽ നിന്നും എൻ. ഒ. സി ബാധകമെങ്കിൽ ഹാജരാക്കുക.
2. മോട്ടോർ വാഹന നികുതി ഉൾപ്പെടെ സർക്കാരിലേക്കുള്ള എല്ലാ ബാധ്യതകളും തീർപ്പാക്കുക.
3. പെർമിറ്റ് ഇല്ലാത്ത കാലയളവിൽ സർവ്വീസ് നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും സർവ്വീസ് നടത്തിയതായി ബോധ്യപ്പെട്ടാൽ നിശ്ചിത പിഴ ഈടാക്കേണ്ടതുമാണ്.

ഐറ്റം നമ്പർ : 33

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

മാട്ടൂൽ -കണ്ണൂർ വഴി പുതിയങ്ങാടി ബീച്ച്, മൊട്ടാമ്പ്രം, പഴയങ്ങാടി റൂട്ടിൽ സർവീസ് നടത്തുന്ന **KL 58 C 4329** സ്റ്റേജ് കാര്യേജിന്റെ പെർമിറ്റ് **08/09/2021** വരെ സാധുതയുണ്ടായിരുന്നു. രേഖകൾ പരിശോധിച്ചതിൽ അപേക്ഷ **17/08/2021** ന് സമർപ്പിച്ചതായും അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതുമാണ് എന്നും കാണുന്നു .

ബഹുമാനപെട്ട ഹൈകോടതിയുടെ ***WPC No 19230/2021*** ഉത്തരവിൻെറ അടിസ്ഥാനത്തിൽ **KL1313/157/1996** പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ചു. പെർമിറ്റ് ഉടമയ്ക്ക് നിശ്ചിത സമയത്തിനുള്ളിൽ പെർമിറ്റ് പുതുക്കുവാൻ കഴിയാത്തതിനുള്ള കാരണങ്ങൾ ഈ അതോറിറ്റിക്ക് ബോധ്യമാകുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ **81(3)** അനുസരിച്ച് കാലതാമസം മാപ്പാക്കി അപേക്ഷകന്റെ പെർമിറ്റ് താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഓർഡിനറി സർവ്വീസായി **പുതുക്കൽ അനുവദിച്ചിരിക്കുന്നു.**

1. ഫൈനാൻസിയറിൽ നിന്നും എൻ. ഒ. സി ബാധകമെങ്കിൽ ഹാജരാക്കുക.
2. മോട്ടോർ വാഹന നികുതി ഉൾപ്പെടെ സർക്കാരിലേക്കുള്ള എല്ലാ ബാധ്യതകളും തീർപ്പാക്കുക.
3. പെർമിറ്റ് ഇല്ലാത്ത കാലയളവിൽ സർവ്വീസ് നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും സർവ്വീസ് നടത്തിയതായി ബോധ്യപ്പെട്ടാൽ നിശ്ചിത പിഴ ഈടാക്കേണ്ടതുമാണ്.

2.താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് **കൈമാറ്റം അനുവദിച്ചിരിക്കുന്നു.**

1. ഫൈനാൻസിയറിൽ നിന്നും എൻ. ഒ. സി ബാധകമെങ്കിൽ ഹാജരാക്കുക.
2. മോട്ടോർ വാഹന നികുതി ഉൾപ്പെടെ സർക്കാരിലേക്കുള്ള എല്ലാ ബാധ്യതകളും തീർപ്പാക്കുക.

3.പെർമിറ്റ് കൈമാറ്റത്തിനുള്ള നിശ്ചിത ഫീസ് ഒടുക്കുക.

ഐറ്റം നമ്പർ : 34

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

കണ്ണാടിപറമ്പ- കണ്ണൂർ വഴി പടപ്പയങ്ങാട് , പന്നിയൂർ, പുഷ്പഗിരി, തളിപ്പറമ്പ, ധർമ്മശാല, പുതിയതെരു റൂട്ടിൽ സർവീസ് നടത്തുന്ന **KL 24 W 9583** സ്റ്റേജ്

കാര്യേജിന്റെ പെർമിറ്റ് **12/02/2025** വരെ സാധുതയുണ്ടായിരുന്നു. രേഖകൾ പരിശോധിച്ചതിൽ അപേക്ഷ വൈകി സമർപ്പിച്ചതായും അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതുമാണ് എന്നും കാണുന്നു

പെർമിറ്റ് ഉടമയ്ക്ക് നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തതിനുള്ള കാരണങ്ങൾ ഈ അതോറിറ്റിക്ക് ബോധ്യമാകുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ **81(3)** അനുസരുച്ച് കാലതാമസം മാപ്പാക്കി അപേക്ഷകന്റെ പെർമിറ്റ് താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഓർഡിനറി സർവ്വീസായി **പുതുക്കൽ അനുവദിച്ചിരിക്കുന്നു.**

**1.** ഫൈനാൻസിയറിൽ നിന്നും എൻ. ഒ. സി ബാധകമെങ്കിൽ ഹാജരാക്കുക.

**2.** മോട്ടോർ വാഹന നികുതി ഉൾപ്പെടെ സർക്കാരിലേക്കുള്ള എല്ലാ ബാധ്യതകളും തീർപ്പാക്കുക.

**3** .പെർമിറ്റ് ഇല്ലാത്ത കാലയളവിൽ സർവ്വീസ് നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും സർവ്വീസ് നടത്തിയതായി ബോധ്യപ്പെട്ടാൽ നിശ്ചിത പിഴ ഈടാക്കേണ്ടതുമാണ്.

ഐറ്റം നമ്പർ : **35**

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

അഴീക്കൽ ഫെറി-തലശ്ശേരി വഴി അലവിൽ, കണ്ണൂർ എൻ ബി എസ് , മേലേചൊവ്വ, താഴെചൊവ്വ റൂട്ടിൽ സർവീസ് നടത്തുന്ന **KL 13 AF 5600** സ്റ്റേജ് കാര്യേജിന്റെ പെർമിറ്റ് **23/02/2025** വരെ സാധുതയുണ്ടായിരുന്നു. രേഖകൾ പരിശോധിച്ചതിൽ അപേക്ഷ വൈകി സമർപ്പിച്ചതായും അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതുമാണ് എന്നും കാണുന്നു.

പെർമിറ്റ് ഉടമയ്ക്ക് നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തതിനുള്ള കാരണങ്ങൾ ഈ അതോറിറ്റിക്ക് ബോധ്യമാകുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ **81(3)** അനുസരുച്ച് കാലതാമസം മാപ്പാക്കി അപേക്ഷകന്റെ പെർമിറ്റ് താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഓർഡിനറി സർവ്വീസായി **പുതുക്കൽ അനുവദിച്ചിരിക്കുന്നു.**

**1.** ഫൈനാൻസിയറിൽ നിന്നും എൻ. ഒ. സി ബാധകമെങ്കിൽ ഹാജരാക്കുക.

**2.** മോട്ടോർ വാഹന നികുതി ഉൾപ്പെടെ സർക്കാരിലേക്കുള്ള എല്ലാ ബാധ്യതകളും തീർപ്പാക്കുക.

3. പെർമിറ്റ് ഇല്ലാത്ത കാലയളവിൽ സർവ്വീസ് നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും സർവ്വീസ് നടത്തിയതായി ബോധ്യപ്പെട്ടാൽ നിശ്ചിത പിഴ ഈടാക്കേണ്ടതുമാണ്.

ഐറ്റം നമ്പർ : 36

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

പയ്യന്നൂർ-കുത്തുപറമ്പ വഴി പരിയാരം മെഡിക്കൽ കോളേജ്, തളിപ്പറമ്പ, ധർമശാല, പുതിയതെരു, കണ്ണൂർ എൻ ബി എസ്, മേലേചൊവ്വ, ചാല, പെരളശ്ശേരി റൂട്ടിൽ സർവീസ് നടത്തുന്ന KL13AQ 6925 സ്റ്റേജ് കാര്യേജിന്റെ പെർമിറ്റ് 21/03/2025 വരെ സാധുതയുണ്ടായിരുന്നു. രേഖകൾ പരിശോധിച്ചതിൽ അപേക്ഷ 22.02.2025ന് സമർപ്പിച്ചതായും അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതുമാണ് എന്നും കാണുന്നു.

താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് **പുതുക്കൽ അനുവദിച്ചിരിക്കുന്നു.** തുടർന്ന് വരുന്ന സർക്കാർ നോട്ടിഫിക്കേഷനും പരമോന്നത ബഹു കോടതിയുടെ വിധിന്യായങ്ങൾക്കും ഈ പെർമിറ്റ് പുതുക്കൽ ബാധകമായിരിക്കും.

1. ഫൈനാൻസിയറിൽ നിന്നും എൻ. ഒ. സി ബാധകമെങ്കിൽ ഹാജരാക്കുക.
2. മോട്ടോർ വാഹന നികുതി ഉൾപ്പെടെ സർക്കാരിലേക്കുള്ള എല്ലാ ബാധ്യതകളും തീർപ്പാക്കുക.

ഐറ്റം നമ്പർ : 37

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

കൊറ്റാളികാവ്, പയ്യന്നൂർ, കണ്ണൂർ HQ ഹോസ്പിറ്റൽ, കണ്ണൂർ, തളിപ്പറമ്പ, പിലാത്തറ (LS/OS) റൂട്ടിൽ സർവീസ് നടത്തുന്ന KL 58 AH 5155 സ്റ്റേജ് കാര്യേജിന്റെ പെർമിറ്റ് 8/03/2025 വരെ സാധുതയുണ്ടായിരുന്നു. രേഖകൾ പരിശോധിച്ചതിൽ അപേക്ഷ 22.02.2025ന് സമർപ്പിച്ചതായും അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതുമാണ് എന്നും കാണുന്നു.

താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് **പുതുക്കൽ അനുവദിച്ചിരിക്കുന്നു.** തുടർന്ന് വരുന്ന സർക്കാർ നോട്ടിഫിക്കേഷനും പരമോന്നത ബഹു കോടതിയുടെ വിധിന്യായങ്ങൾക്കും ഈ പെർമിറ്റ് പുതുക്കൽ ബാധകമായിരിക്കും.

1. ഫൈനാൻസിയറിൽ നിന്നും എൻ. ഒ. സി ബാധകമെങ്കിൽ ഹാജരാക്കുക.
2. മോട്ടോർ വാഹന നികുതി ഉൾപ്പെടെ സർക്കാരിലേക്കുള്ള എല്ലാ ബാധ്യതകളും തീർപ്പാക്കുക.

ഐറ്റം നമ്പർ : 38

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

KL59AA6396 സ്റ്റേജ് കാര്യേജിന്റെ പെർമിറ്റ് 20/03/2024 വരെ സാധുതയുണ്ടായിരുന്നു. രേഖകൾ പരിശോധിച്ചതിൽ അപേക്ഷ 19/02/2024 ന് സമർപ്പിച്ചതായും അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതുമാണ് എന്നും കാണുന്നു.

താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് **പുതുക്കൽ അനുവദിച്ചിരിക്കുന്നു.** തുടർന്ന് വരുന്ന സർക്കാർ നോട്ടിഫിക്കേഷനും പരമോന്നത ബഹു കോടതിയുടെ വിധിന്യായങ്ങൾക്കും ഈ പെർമിറ്റ് പുതുക്കൽ ബാധകമായിരിക്കും.

1. ഫൈനാൻസിയറിൽ നിന്നും എൻ. ഒ. സി ബാധകമെങ്കിൽ ഹാജരാക്കുക.
2. മോട്ടോർ വാഹന നികുതി ഉൾപ്പെടെ സർക്കാരിലേക്കുള്ള എല്ലാ ബാധ്യതകളും തീർപ്പാക്കുക.

2.താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് **കൈമാറ്റം അനുവദിച്ചിരിക്കുന്നു.**

1. ഫൈനാൻസിയറിൽ നിന്നും എൻ. ഒ. സി ബാധകമെങ്കിൽ ഹാജരാക്കുക.

2.മോട്ടോർ വാഹന നികുതി ഉൾപ്പെടെ സർക്കാരിലേക്കുള്ള എല്ലാ ബാധ്യതകളും തീർപ്പാക്കുക.

3.പെർമിറ്റ് കൈമാറ്റത്തിനുള്ള നിശ്ചിത ഫീസ് ഒടുക്കുക

ഐറ്റം നമ്പർ : 39

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

നിലവിലെ പെർമിറ്റിൽ തലശ്ശേരിയിൽ നിന്നും എരഞ്ഞോളി ,കോമത്ത് പാറ വരെ 4 കി മീ പാത ദീർഘിപ്പിച്ച് നിലവിൽ തലശ്ശേരിയിൽ നിന്നും കൊളശ്ശേരി തോട്ടുമ്മൽ വഴി മമ്പറം പോകുന്ന 5 കി മീ, ദീർഘിപ്പിക്കുന്ന പാതയിലൂടെ തലശ്ശേരിയിൽ നിന്നും തോട്ടുമ്മൽ കായലോട് മമ്പറം വഴി സർവ്വീസ് അനുവദിക്കൽ , നിലവിൽ മമ്പറത്ത്

നിന്ന് പിണറായി കിഴക്കും ഭാഗം തോട്ടുമ്മൽ പെരുന്താറ്റിൽ കൊളശ്ശേരി വരെയുള്ള അവസാന ട്രിപ്പ് ദീർഘിപ്പിക്കുന്ന വടക്കുമ്പാട് ഹൈസ്കൂൾ പാറക്കെട്ട് കൊളശ്ശേരി വഴി തലശ്ശേരിക്ക് സർവ്വീസ് അനുവദിക്കൽ എന്നീ മാറ്റങ്ങൾ വരുത്തുന്നതിനുള്ള പെർമിറ്റ് വ്യതിയാന അപേക്ഷയാണിത്.നിർദ്ദേശിക്കുന്ന മാറ്റത്തിൽ നിലവിലെ പാതയിൽ ഒരു ഭാഗവും കുറവു വരുത്താതെയുള്ള മാറ്റമായതിനാലും തലശ്ശേരി എരഞ്ഞോളി കോമത്ത് പാറ പാതയിൽ ബസ്സ് യാത്ര സൗകര്യം നിലവിൽ വളരെ കുറഞ്ഞതിനാലും മാറ്റത്തിൽ നിർദ്ദേശിക്കുന്ന ട്രിപ്പുകൾ ഇതുവഴിയുള്ള യാത്രക്കാർക്കും വിദ്യാർത്ഥികൾക്കും വളരെ പ്രയോജനകരമാണെന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു.

ആയതിനാൽ ഈ പെർമിറ്റ് വ്യതിയാന അപേക്ഷ താഴെ പറയുന്ന നിബന്ധനങ്ങൾക്ക് വിധേയമായി **അനുവദിച്ചിരിക്കുന്നു.**

1. സമയക്രമങ്ങൾ സമയനിർണ്ണയ യോഗത്തിൽ ക്രമപ്പെടുത്തി നൽകുക.
2. പെർമിറ്റ് വ്യതിയാന അപേക്ഷയിൽ ഫീസ് ഈടാക്കുക.

ഐറ്റം നമ്പർ : 40

അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും കേട്ടു.

